**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടേയും 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടേയും നിർമ്മാണപ്രവൃത്തികളുടെ തൽസ്ഥിതി വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പൈലിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. പൈൽ ക്യാപ്പിന്റെ റീ-ഇൻഫോഴ്സ്മെൻറ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണം കരാറുകാരനായ ശ്രീ. അനിൽകുമാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന കേസ് തീർപ്പാകുന്ന മുറയ്ക്ക് ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജൂലൈ 2021- ഓടെ 13ലക്ഷം ലിറ്റർർസംഭരണ ശേഷിയുള്ള ഉപരിതല ജല സംഭരണിയുടെ പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ ഉണ്ടാകുന്ന തീരുമാനങ്ങൾക്കനുസൃതമായി 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. നിർമ്മാണം പൂർത്തീകരിക്കു ന്നതിന് 10 മാസം സമയം ആവശ്യമാണ്. |
| (സി) | ഭൂതല സംഭരണിയുടെ പ്രവൃത്തി കരാർ എടുത്തയാൾ കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ മുടങ്ങികിടക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത കേസ് തീർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | 12/03/2020-ന് ബഹുമാനപ്പെട്ട ജല വിഭവ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഇത്രനാളും പ്രവർത്തി തുടങ്ങുവാൻ തയ്യാറാകാത്തത് കൊണ്ട് കരാറുകാരന്റെ നഷ്ടോത്തരവദിത്വത്തിൽ പ്രവൃത്തി പുനർ ക്രമീകരിയ്ക്കുന്നതിനു നിർദ്ദേശിക്കുകയുണ്ടായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുമ്പോൾ, കോടതിയുടെ അനുമതിയോടെ മാത്രമേ പുന ക്രമീകരണ നടപടികളുമായി മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളു. പ്രവർത്തിയിൽ നിന്നും ഒഴിവാക്കി കരാറുകാരനായ ശ്രീ.അനിൽ കുമാറിന്റെ |

| | | | |
|---|---|---|---|
| | | | നഷ്ടോത്തരവദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിനെതിരായി സമർപ്പിച്ച ഹർജിയിന്മേൽ ഹൈക്കോടതിയൽ നിയോഗിച്ച കമ്മീഷൻ 18/12/2020-ൽ സ്ഥലം സന്ദർശിച്ചു. റിപ്പോർട്ട് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ചു. റിപ്പോർട്ടിന്മേലുള്ള വാദം കേൾക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് മാറ്റിവെച്ചിട്ടുണ്ട്. ഇത് തീർപ്പാക്കുന്ന മുറയ്ക്ക് ഹൈക്കോടതി വിധി പ്രകാരം നിർമ്മാണ പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ